## HADIA CSE Khutba Notes (24.01.2020)

റിപ്പബ്ലിക് ഡേ, ധൈര്യമായി മുന്നോട്ടു തന്നെ

1950 ജനുവരി 26 നാണ് നമ്മുടെ രാജ്യം റിപബ്ലിക് ആകുന്നത്. എന്നുവച്ചാൽ സ്വന്തമായ ഭരണഘടന നിലവിൽ വരുന്നത്. 2 വർഷവും 11 മാസവും 18 ദിവസവും എടുത്താണ് നമ്മുടെ ഭരണഘടന ക്രോഡീകരിച്ചത്. 165 തവണ യോഗം ചേർന്നിട്ടുണ്ട് ഇതുണ്ടാക്കാൻ.

സ്വന്തമായി ഭരണഘടന നിലവിൽ വരുന്നതുവരെ ബ്രിട്ടീഷ് നിയമങ്ങൾ പാലിക്കുകയായിരുന്നു നമ്മുടെ ഇന്ത്യ.

ഒരു ആമുഖവും 22 ഭാഗങ്ങളും 12 പട്ടികകളും അടങ്ങിയതാണ് നമ്മുടെ ഭരണഘടന.

നമ്മുടെ ഭരണഘടനയുടെ ആമുഖം ലോകശ്രദ്ധ നേടിയതാണ്. അത് ഇങ്ങനെ വായിക്കാം:

(നമ്മൾ, ഇന്ത്യയിലെ ജനങ്ങൾ, ഇന്ത്യയെ ഒരു പരമാധികാര, സ്ഥിതിസമത്വ, മതനിരപേക്ഷ, ജനാധിപത്യ റിപ്പബ്ലിക്കായി സംവിധാനം ചെയ്യുന്നതിനും ഭാരതത്തിലെ എല്ലാ പൗരർക്കും സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതി, ചിന്ത, ആശയാവിഷ്കാരം, വിശ്വാസം, ഭക്തി, ആരാധന എന്നിവക്കുള്ള സ്വാതന്ത്ര്യം, സ്ഥാനമാനങ്ങൾ, അവസരങ്ങൾ എന്നിവയിലുള്ള സമത്വം എന്നിവ ഉറപ്പുവരുത്തുന്നതിനും വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പുവരുത്തുന്ന സാഹോദര്യം എല്ലാവരിലും വളർത്തുന്നതിനും ദൃഢനിശ്ചയം ചെയ്തുകൊണ്ട് നമ്മുടെ ഭരണഘടനാസഭയിൽവച്ച്, 1949 നവംബറിന്റെ ഈ ഇരുപത്തിയാറാം ദിവസം ഈ ഭരണഘടനയെ അംഗീകരിക്കുകയും നിയമമാക്കുകയും നമുക്കായിത്തന്നെ സമർപ്പിക്കുകയും ചെയ്യുന്നു.)

മൂന്ന് കാര്യങ്ങളാണ് ഇന്ന് നാം ചർച്ച ചെയ്യുന്നത്.

1. ഇന്ത്യൻ ഭരണ ഘടന വിശാലതയെ ഉൾക്കൊള്ളുന്നു
2. നാം ഇന്ത്യയുടെ നിർമാതാക്കളാണ്
3. പ്രതീക്ഷയോടെ മുന്നോട്ട് പോകാം

1. ഇന്ത്യൻ ഭരണ ഘടന വിശാലതയെ ഉൾക്കൊള്ളുന്നു

അറബിയിൽ റിപബ്ലിക് എന്നാൽ ജുംഹൂരിയ്യ (جمهورية) എന്നാണ്. ജുംഹൂർ എന്നാൽ പൊതുജനങ്ങൾ. ജനങ്ങൾ തന്നെ ഭരണാധികാരികളാകുന്ന ഒരു രാജ്യമാണ് നമ്മുടെ ഇന്ത്യ. ഏതെങ്കിലും കുടുംബങ്ങൾക്കോ വംശങ്ങൾക്കോ വർണങ്ങൾക്കോ ഒന്നും ഭരണത്തിൽ പ്രത്യേകാവകാശം ഇല്ലെന്നു സാരം.

ഖുർആന്റെ ആമുഖമായ സൂറതുൽഫാതിഹയുടെ തുടക്കം ലോകരുടെ രക്ഷിതാവിൽ ( رب العالمين) സ്തുതി അർപിച്ചാണ്. വിശ്വാസികളുടെ മാത്രം രക്ഷിതാവല്ല അല്ലാഹു.

ഒരു രാജ്യം, ഒരു ജനത എന്ന ഇസ്‌ലാമിന്റെ കാഴ്ചപ്പാടിനോട് യോജിക്കുന്നതാണിത്. എല്ലാവരെയും ഇസ്‌ലാമിക വിശ്വാസങ്ങൾ പരിചയപ്പെടുത്തിക്കൊടുക്കുകയും അതോടൊപ്പം അക്രമം നടത്താത്ത കാലത്തോളം എല്ലാവരെയും അവരുടെ വിശ്വാസപ്രകാരം ജീവിക്കാൻ അനുവദിക്കുകയും ചെയ്യുക എന്നതാണ് ഇസ്‌ലാമിന്റെ കാഴ്ചപ്പാട്.

)حديث مرفوع) أنا سَعِيدٌ الْجُرَيْرِيُّ , أَنَّ أَبَا نَضْرَةَ حَدَّثَهُمْ , قَالَ : حَدَّثَنِي مَنْ شَهِدَ خُطْبَةَ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ بِمِنًى , قَالَ : قَامَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ وَسَطَ أَيَّامِ التَّشْرِيقِ , فَقَالَ : " يَا أَيُّهَا النَّاسُ إِنَّ رَبَّكُمْ وَاحِدٌ , وَإِنَّ أَبَاكُمْ وَاحِدٌ , أَلا لا فَضْلَ لِعَرَبِيٍّ عَلَى أَعْجَمِيٍّ ، وَلا لِعَجَمِيٍّ عَلَى عَرَبِيٍّ , وَلا أَسْوَدَ عَلَى أَحْمَرَ , وَلا أَحْمَرَ عَلَى أَسْوَدَ إِلا بِتَقْوَى اللَّهِ , أَلا هَلْ بَلَّغْتُ ؟ " , قَالُوا : بَلَّغَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ ، قَالَ : " فَلْيُبَلِّغِ الشَّاهِدُ الْغَائِبَ " , ثُمَّ قَالَ : " أَيُّ شَهْرٍ هَذَا ؟ " , قَالُوا : شَهْرٌ حَرَامٌ ، قَالَ : " فَأَيُّ يَوْمٍ هَذَا ؟ " , قَالُوا : يَوْمٌ حَرَامٌ ، قَالَ : " فَأَيُّ بَلَدٍ هَذَا ؟ " , قَالُوا : بَلَدٌ حَرَامٌ ، قَالَ : " فَإِنَّ دِمَاءَكُمْ وَأَمْوَالَكُمْ , قَالَ :

## HADIA CSE Khutba Notes (24.01.2020)

റിപ്പബ്ലിക് ഡേ, ധൈര്യമായി മുന്നോട്ടു തന്നെ

وَأَحْسَبُهُ قَالَ : وَأَعْرَاضَكُمْ ، عَلَيْكُمْ حَرَامٌ كَحُرْمَةِ يَوْمِكُمْ هَذَا فِي شَهْرِكُمْ هَذَا فِي بَلَدِكُمْ هَذَا , أَلا هَلْ بَلَّغْتُ ؟ " , قَالُوا : بَلَّغَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ ، قَالَ : " فَلْيُبَلِّغِ الشَّاهِدُ الْغَائِبَ. "

يَا أَيُّهَا النَّاسُ إِنَّا خَلَقْنَاكُم مِّن ذَكَرٍ وَأُنثَىٰ وَجَعَلْنَاكُمْ شُعُوبًا وَقَبَائِلَ لِتَعَارَفُوا ۚ إِنَّ أَكْرَمَكُمْ عِندَ اللَّهِ أَتْقَاكُمْ ۚ إِنَّ اللَّهَ عَلِيمٌ خَبِيرٌ (حجرات ١٣)

എല്ലാവരെയും ഉൾക്കൊള്ളുക എന്ന വിശാലമനസ്സാണ് ഇത് രണ്ടും സൂചിപ്പിക്കുന്നത്. രാജ്യം അതിന്റെ വലിപ്പം കൊണ്ടല്ല, ജനങ്ങളുടെ ഐക്യവും വിശാലമനസ്കതയും കൊണ്ടാണ് മഹത്തരമാകുന്നത്.

നിരവധി മതങ്ങളുള്ള ഒരു രാജ്യമാണ് നമ്മുടെ ഇന്ത്യ. ലോകത്തിന് ധാർമികതയിലൂന്നിയ ജീവിതം പഠിപ്പിക്കാനാണ് ഇന്ത്യ ശ്രമിച്ചിട്ടുള്ളത് എന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം.

അമേരിക്കൻ നഗരമായ ചിക്കാഗോയിൽ നടന്ന സർവമത സമ്മേളനത്തിൽ വിവേകാനന്ദ സ്വാമികളുടെ പ്രഭാഷണം ഏറെ ശ്രദ്ധേയമായിരുന്നു. മതങ്ങളുടെ മ്യൂസിയത്തിൽ നിന്നാണ് ഞാൻ വരുന്നതെന്ന് അദ്ദേഹം അവിടെ പറയുകയുണ്ടായി.

മദീനയിലെ ന്യൂനപക്ഷങ്ങളുടെ കണക്കെടുക്കാൻ തിരുനബി (സ്വ) അനസ് (റ)വിനെ ഏൽപിച്ചിരുന്നു. അവിടത്തെ എല്ലാ പൗരൻമാർക്കും അർഹമായ പരിഗണന നൽകാനായിരുന്നു ഇതെന്ന് മനസ്സിലാക്കാം.

ഒരു രാഷ്ട്രത്തിൽ ജനിച്ചു വളർന്ന അവിടത്തെ പൗരൻമാരെ എല്ലാവരെയും അംഗീകരിക്കുകയും പരിഗണിക്കുകയും ചെയ്യുക എന്നത് ഏതൊരു രാജ്യത്തിന്റെയും കടമയാണ്. രാഷ്ട്രനിർമാണത്തിൽ സുപ്രധാന പങ്കുവഹിച്ച മുസ്‌ലിംകളെ സംബന്ധിച്ചെടുത്തോളം ഈ പരിഗണന ഏതായാലും അനിവാര്യവുമാണ്.

വഞ്ചനയും രാജ്യദ്രോഹവും ചെയ്യാത്ത കാലത്തോളം രാഷ്ട്രത്തിന്റെ എല്ലാ സംവിധാനങ്ങളും പൗരൻമാർക്ക് അവകാശപ്പെട്ടതാണ്. ചുരുക്കിപ്പറഞ്ഞാൽ എല്ലാവരെയും ഉൾക്കൊള്ളുക എന്നതാണ് ഇന്ത്യയുടെ മഹത്വം.

രാമൻ എന്നാൽ രമിപ്പിക്കുന്നവൻ എന്നാണ് അർത്ഥം. രാമരാജ്യം സ്വപ്നം കാണുന്നവർ ഇത് മനസ്സിലാക്കണം. ഇന്ത്യയിൽ ഖലീഫ ഉമറിന്റെ ഭരണമാണ് ഞാൻ ആഗ്രഹിക്കുന്നത് എന്നു പറഞ്ഞ മഹാത്മാ ഗാന്ധി ഗോഡ്സേയുടെ വെടികൊണ്ട് മരണപ്പെടുമ്പോൾ പറയുന്നത് ഹരേ രാം എന്നാണ്. ഇസ്‌ലാമിന്റെ ഭരണനീതിയാണ് രാമനെ സ്നേഹിക്കുന്ന മഹാത്മജി കണ്ടിരുന്നത് എന്ന് നമുക്ക് മനസ്സിലാക്കാം.

ഖാളീ മുഹമ്മദ് ഫത്ഹുൽമുബീൻ സമർപിക്കുന്നത് സാമൂദിരി രാജാവിനാണ്.

مسميا له بفتح المبين          لسامر الذي يحب المسلمين

ഉദ്ധം സംഗിനെ പിടികൂടിയ കേണൽ ഡയർ നിങ്ങളാരാണെന്ന് ചോദിക്കുമ്പോൾ ഉത്തരം പറയുന്നത് രാം മുഹമ്മദ് സിംഗ് എന്നാണ്.

അല്ലാമാ ഇഖ്ബാൽ എഴുതുന്നു:

മദ്ഹബ് നഹീ സിക്കാത്താ          ആപസ് മെ ബേർ രക്ക്നാ

(മതങ്ങൾ പരസ്പരം ശത്രുത വെക്കാനല്ല പഠിപ്പിച്ചിത്)

2. നാം ഇന്ത്യയുടെ നിർമാതാക്കളാണ്

**HADIA CSE Khutba Notes (24.01.2020)**

റിപ്പബ്ലിക് ഡേ, ധൈര്യമായി മുന്നോട്ടു തന്നെ

ഇന്ത്യാ രാജ്യത്തിന്റെ നിർമാണത്തിന് പ്രധാനമായ പങ്കുവഹിച്ചവരാണ് നാം മുസ്‌ലിംകൾ. അതുകൊണ്ട് തന്നെ ഇവിടെ അഭിമാനപൂർവം ജീവിക്കേണ്ടവരാണ് നാം. ഈ രാജ്യം തകരുമ്പോഴെല്ലാം നാം ഇതിനെ ഉയിർത്തെഴുന്നേൽപിച്ചിട്ടുണ്ട്. അതിനിയും ഉണ്ടാകണം. നമ്മുടെ പ്രപിതാക്കൾ രക്തം കൊടുത്തും സമ്പത്ത് കൊടുത്തും ധൈര്യം കൊടുത്തുമാണ് ഈ രാജ്യം കെട്ടിപ്പടുത്തത്.

ഇന്ത്യ ഭരിച്ച മുസ്‌ലിംകളെ അന്യരാജ്യത്തു നിന്ന് വന്നവരെന്ന് മുദ്രകുത്തുന്ന ചിലരുണ്ട്. നമ്മിൽ പെട്ട ചിലരും അങ്ങനെ മനസ്സിലാക്കിയിട്ടുണ്ട്.

സ്വാതന്ത്ര്യത്തിനു മുമ്പുള്ള ഇന്ത്യ എന്നത് ഇന്നത്തെ അഫ്ഗാനും പാകിസ്ഥാനും ബംഗ്ലാദേശും അടങ്ങുന്ന വലിയ ഭൂപ്രദേശമാണ്. ഇവിടങ്ങളിൽ പലകാലങ്ങളിലായി പലരും ഭരണം നടത്തിയിട്ടുണ്ട്. അലക്സാണ്ടർ ചക്രവർത്തിക്കു ശേഷം മൗര്യൻമാരും പിന്നീടിങ്ങോട്ട് കാലങ്ങൾക്കു ശേഷം മുഗളൻമാരും ഭരണം നടത്തുന്ന ഈ പ്രദേശത്തിന്റെ അതിർത്തികൾ ഭരണകൂടങ്ങളുടെ ആതിപത്യത്തിനനുസരിച്ച് വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും.

ഇന്ത്യൻ സ്വാതന്ത്ര്യ സമരപ്രസ്ഥാനങ്ങളുടെ നേതാവായിരുന്ന അബ്ദുൽ ഗഫാർ ഖാനും മുഗൾ ഭരണത്തിന്റെ സ്ഥാപകനായ ബാബറും അഫ്ഗാനുകാരാണ്.

അതുകൊണ്ട് മുഗളൻമാരുടെയും ഡൽഹി സുൽത്വാൻമാരുടെയുമൊന്നും ഭരണത്തെ അന്യനാട്ടുകാരുടെ ഭരണം എന്നു പറയാൻ കഴിയില്ല. അവരാരും ഇന്ത്യയുടെ സമ്പത്ത് കൊള്ളയടിച്ച് സ്വന്തം നാട്ടിലേക്ക് കൊണ്ടുപോയിട്ടുമില്ല. മറിച്ച്, ഇവിടെ ജീവിച്ച്, ഇവിടെ തന്നെ മരിക്കാൻ ഇഷ്ടപ്പെട്ടവരും ഇവിടെ താജ്മഹലും ചെങ്കോട്ടയും ഖുതുബ് മിനാറും പണിതവരുമാണവർ. ബ്രിട്ടീഷുകാരെ പോലെ ഇവരെ നമുക്ക് കാണാൻ സാധിക്കില്ല. ഇന്ത്യയുടെ മില്യൺകണക്കിന് സ്വത്ത് ബ്രിട്ടണിലേക്ക് കടത്താൻ വന്നവരാണ് അവർ.

ഇന്ത്യയിലെ ഓരോ മുസ്‌ലിമിനും അഭിമാന ബോധമാണ് ഉണ്ടാവേണ്ടത് എന്ന് മനസ്സിലാക്കാനാണ് ഇത്രയും പറഞ്ഞത്.

മുഗൾ ചക്രവർത്തിയായിരുന്ന ബഹാദുർശാഹ് സഫറിൽ നിന്ന് രാജ്യത്തിന്റെ ഭരണം ബ്രിട്ടീഷുകാർ പിടിച്ചെടുക്കുമ്പോൾ അദ്ദേഹവും കുടുംബവും അനുഭവിച്ച തീക്ഷണയാദനകൾ നമുക്ക് മറക്കാൻ കഴിയില്ല. വിശപ്പടക്കാൻ ഭക്ഷണം ചോദിച്ചപ്പോൾ ബ്രിട്ടീഷ് പട്ടാളം അദ്ദേഹത്തിന് നൽകിയത് സ്വന്തം മക്കളുടെ ശരീരഭാഗങ്ങളായിരുന്നെന്ന് ചരിത്രം നമ്മോട് പറയുന്നു.

സ്വാതന്ത്ര്യ ഇന്ത്യയുടെ ആദ്യരാത്രിയിൽ പതാക ഉയർത്താൻ നഹ്റുവിനും രാജേന്ദ്രപ്രസാദിനും മുന്നിൽ ശഹനായി വായിച്ച് വരവേറ്റ ബിസ്മില്ലാ ഖാൻ മുസ്‌ലിമാണ്. രാഷ്ട്രനിർമാണത്തിൽ പങ്കുവഹിച്ച മുസ്‌ലിംകളുടെ എണ്ണം തിട്ടപ്പെടുത്താൻ കഴിയാത്തതാണ്.

ബഹാദൂർശാ സഫറിന്റെ സൈന്യാധിപൻ ശോഭാറാമായിരുന്നു. ഔറംഗസീബിന്റെ അംഗരക്ഷകർ രജപുത്രരായിരുന്നു. ടിപ്പുസുൽത്വാൻ പൂർണയ്യയെ പ്രധാനമന്ത്രിപതം ഏൽപിച്ചു. ഇതെല്ലാം സൂചിപ്പിക്കുന്നത് ഇന്ത്യയുടെ ഭരണം മുസ്‌ലിംകളുടെത് മാത്രമല്ല, എല്ലാവരും കൂടിയായിരുന്നുവെന്നാണ്.

അതുകൊണ്ട് അഭിമാനത്തോടെ ഈ രാജ്യത്ത് ജീവിക്കുക. ഈ രാഷ്ട്രത്തിന്റെ നിർമിതിയിൽ കൂടെ നിൽക്കുക.

ഇബ്റാഹീം നബി (അ) ദുആ ചെയ്യുന്നു:

وَإِذْ قَالَ إِبْرَاهِيمُ رَبِّ اجْعَلْ هَٰذَا بَلَدًا آمِنًا وَارْزُقْ أَهْلَهُ مِنَ الثَّمَرَاتِ مَنْ آمَنَ مِنْهُم بِاللَّهِ وَالْيَوْمِ الْآخِرِ ۖ قَالَ وَمَن كَفَرَ فَأُمَتِّعُهُ قَلِيلًا ثُمَّ أَضْطَرُّهُ إِلَىٰ عَذَابِ النَّارِ ۖ وَبِئْسَ الْمَصِيرُ (البقرة ١٢٦)

എല്ലാ വിശ്വാസിയും രാജ്യത്തിന്റെ സുരക്ഷിതത്വത്തിനും നിർഭയത്വത്തിനും വേണ്ടി ദുആ ചെയ്യുകയും അതിനു വേണ്ടി പ്രവർത്തിക്കുകയും വേണം.

## HADIA CSE Khutba Notes (24.01.2020)

റിപ്പബ്ലിക് ഡേ, ധൈര്യമായി മുന്നോട്ടു തന്നെ

3. പ്രതീക്ഷയോടെ മുന്നോട്ട് പോകാം

മുസ്‌ലിംകൾ ആക്രമിക്കപ്പെടുന്നുവെന്നും നമുക്ക് ഇന്ത്യയിൽ ജീവിക്കാൻ കഴിയില്ലെന്നുമുള്ള ശബ്ദകോലാഹലങ്ങൾക്കിടയിലാണ് നാം.

എന്നാൽ, ഇതെല്ലാം മറികടക്കാൻ നമുക്ക് സാധിക്കും. ഈ ഇന്ത്യ നമ്മുടെതുകൂടിയാണെന്ന ബോധമാണുണ്ടാവേണ്ടത്. ഇന്ത്യയുടെ സാമ്പത്തികവും വിദ്യാഭ്യാസപരവും സാംസ്കാരികവുമായ വളർച്ചയിലേക്ക് സംഭവാന ചെയ്യാൻ നമുക്കാകണം. ഈ രാഷ്ട്രത്തിനു വേണ്ടിയുള്ള സൈനിക സേവനം, നിയമപാലനം, ഭരണനിർവഹണം തുടങ്ങിയ സർവ്വ മേഖലകളിലും നമ്മുടെ കൈയ്യൊപ്പുകളുണ്ട്. ഇനിയും അതുണ്ടാവണം. നമ്മുടെ മക്കൾക്ക് ഇത്തരം ജോലികൾക്കുള്ള പരിശീലനം നൽകണം. സുരക്ഷിതത്വം ചോദിച്ചു വാങ്ങുന്നവരല്ല നാം, മറിച്ച് ഇവിടെ അടിച്ചമർത്തപ്പെട്ടവർക്ക് സുരക്ഷിതത്വവും നീതിയും വാങ്ങിക്കൊടുക്കേണ്ടവരാണ് നാം.

ഇവിടന്ന് മുറിച്ചുമാറ്റപ്പെടാൻ പറ്റാത്ത ഒരു ജനതയാണ് ചരിത്രപരമായി നാം. നീതിയുടെ പക്ഷം ചേരാനും അതിനു വേണ്ടി നിയമ പോരാട്ടം നടത്താനും ആർജവമുള്ള ജനലക്ഷങ്ങൾ നമ്മുടെ രാഷ്ട്രത്തിലുണ്ട്. അത്തരക്കാരുടെ എണ്ണവുമായി തുലനം ചെയ്യുമ്പോൾ അക്രമകാരികളുടെ എണ്ണം കുറവാണ്. രാംദേവിനെയും ദേവീന്ദർ സിംഗിനെയും പോലുള്ള ഭീകരരെ ഈ രാഷ്ട്രത്തു നിന്നു തുടച്ചുനീക്കാൻ നമ്മുടെ വിദ്യാഭ്യാസത്തിനും രാഷ്ട്രബോധത്തിനും കഴിയേണ്ടതുണ്ട്. അതുകൊണ്ട് നാം അക്രമം കാണിക്കാത്ത കാലത്തോളം നമുക്ക് വേണ്ടി ശബ്ദിക്കാൻ ആളുകളുണ്ടാകും.

പരസ്പരം തർക്കിക്കുകയും കലഹിക്കുകയും ചെയ്യുന്നത് നമുക്ക് ഭൂഷണമല്ല. ഐക്യപ്പെടുക എന്നതാണ് നാം ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം.

وَأَطِيعُوا اللَّهَ وَرَسُولَهُ وَلَا تَنَازَعُوا فَتَفْشَلُوا وَتَذْهَبَ رِيحُكُمْ ۖ وَاصْبِرُوا ۚ إِنَّ اللَّهَ مَعَ الصَّابِرِينَ (أنفال ٤٦)

രാജ്യത്തിന്റെ നിർമിതിയിൽ ഐക്യത്തോടെ നീങ്ങാൻ നമുക്ക് സാധിക്കണം. പ്രതീക്ഷ തന്നെയാണ് നമ്മുടെ ബലം. അതുകൊണ്ട് രാഷ്ട്ര രക്ഷക്ക് ഐക്യത്തോടെയും സൗഹൃദത്തോടെയും കരുത്ത് പകരാം.

ഇവിടെ നാം ചെയ്യേണ്ട ചില കാര്യങ്ങൾ സൂചിപ്പിക്കട്ടേ

ഇവിടെ നാം ചെയ്യേണ്ട ചില കാര്യങ്ങൾ സൂചിപ്പിക്കട്ടേ

1) ഭരണഘടനയുടെ സംരക്ഷണത്തിനായി എക്കാലത്തും നിലകൊള്ളുക

2) ആഴ്ചയിലൊരിക്കൽ ഒരു അയൽവാസിയെ എങ്കിലും സന്ദർശിക്കുക

3) ഏതു മതക്കാരായാലും അവരുടെ പ്രശ്നങ്ങളിൽ ഗുണകാംക്ഷയോടെ ഇടപെടുക

4) പ്രാദേശികമായി സൗഹൃദ സംഗമങ്ങൾ സംഘടിപ്പിക്കുക

5) ഭീതി പരത്തുന്ന സന്ദേശങ്ങൾ പ്രചരിപ്പിക്കാതിരിക്കുക

6) നല്ലൊരു ഇന്ത്യയെ നിർമിക്കുന്നതിനായി നമ്മുടെ മക്കൾക്ക് ഭരണനിർവഹണം, സൈനിക സേവനം, നിയമപാലനം തുടങ്ങിയവയുമായി ബന്ധപ്പെട്ട ജോലികൾക്കുള്ള പരിശീലനം നൽകുക

**ഖുതുബ നോട്ട്സ്**
**HADIA Centre for Social Excellence**
Panakkad, Pattarkadavu P.O
Malappuram DT, Kerala -676519
csehadia@gmail.com I www.hadia.in